## പാഠം 3
## മനുഷ്യനെ സൃഷ്ടിച്ചു

### ക. കുട്ടികൾ സ്വന്തമാക്കേണ്ടവ

**1. ബോധ്യങ്ങൾ**

- ദൈവമാണ് എന്നെ സൃഷ്ടിച്ചത്.
- ദൈവം ജീവന്റെ നാഥൻ.
- ദൈവം എന്നെ സ്നേഹിക്കുന്നു.

**2. മനോഭാവങ്ങൾ**

എന്നെ സൃഷ്ടിച്ച ദൈവത്തോടുള്ള സ്നേഹവും നന്ദിയും.

**3. ശീലങ്ങൾ**

മറ്റുള്ളവരെ കാണുമ്പോൾ ഞാൻ ദൈവത്തെ ഓർക്കും.

### കക. ബോധനോപാധികൾ

- ഒരു കുടുംബഫോട്ടോ.
- ഒരു വീടിന്റെ മാതൃക.
- ദൈവം = സ്നേഹം എന്ന് വലുതാക്കി എഴുതിയത്.

### കകക. പാഠാവതരണം

തന്നെ സ്നേഹിക്കുന്ന ദൈവം തനിക്കും ജീവൻ നൽകി എന്ന ബോധ്യം കുട്ടികളിൽ രൂഢമൂലമാകണം. മനുഷ്യന്റെയോ മൃഗത്തിന്റെയോ മറ്റെന്തിന്റെയെങ്കിലുമോ രൂപം മെനയാൻ ഒരു കലാകാരന് കഴിയും. എന്നാൽ അതിന് ജീവൻ കൊടുക്കാൻ അയാൾക്കു കഴിയില്ല. ജീവൻ നൽകാൻ കഴിയുന്നത് ദൈവത്തിന് മാത്രമാണ്. ദൈവമാണ് ജീവന്റെ നാഥൻ. ദൈവം നമ്മെ ഒരോരുത്തരെയും സ്നേഹിക്കുന്നതുകൊണ്ടാണ് തന്റെ സ്വന്തം ഛായയിൽ നമ്മെ സൃഷ്ടിച്ചത്. സ്വന്തം കുടുംബത്തിലെ എല്ലാവരേയും സൃഷ്ടിച്ചത് ദൈവമാണെന്ന് കുട്ടികൾ ഗ്രഹിക്കുന്നു. ബോധനോപാധികൾ ഈ അറിവിനായി ഉപയോഗിക്കാവുന്നതാണ്.

### കഢ. പാഠബന്ധിത പ്രവർത്തനങ്ങൾ

1. എന്റെ വീട്ടിൽ ആരെല്ലാമാണ്?
വല്യപ്പൻ, വല്ല്യമ്മ, അമ്മായി.....

2. നിറം കൊടുത്ത് ആവർത്തിച്ചെഴുതുക.

'ദൈവം എന്നെ സ്നേഹിക്കുന്നു' എന്ന് എഴുതിയതിന്റെ മീതെ കൂടിത്തന്നെ കുട്ടികൾ എഴുതുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. ഓരോ വരി എഴുതുമ്പോഴും വ്യത്യസ്ത നിറങ്ങൾ ഉപയോഗിക്കുന്നത് വാചകം വളരെ വേഗത്തിൽ കുട്ടിയുടെ മനസ്സിൽ പതിയാൻ ഇടയാക്കും.

3. ആവർത്തിച്ചെഴുതാം

ദൈവം ജീവന്റെ നാഥൻ എന്ന് ആവർത്തിച്ചെഴുതാം.

## ഡ. അനുബന്ധിത പ്രവർത്തനങ്ങൾ

**1. പാട്ടുപാടാം**

അപ്പൻ, അമ്മ, ചേട്ടൻ, ചേച്ചി,
കുഞ്ഞനുജൻ, അനുജത്തി
എല്ലാവരേയും തന്ന ദൈവം
പിതാവാണല്ലോ
ജീവൻ തന്നു, നല്ല ദൈവം
സ്നേഹം തന്നു നല്ല ദൈവം
തന്റെ ഛായ നൽകി ദൈവമെന്നെ
സൃഷ്ടിച്ചുവല്ലോ.

**2. ഫോട്ടോ പതിക്കാം**

കുട്ടിയുടെ വീട്ടിലുള്ളവരുടെ ഫോട്ടോ (കുടുംബഫോട്ടോയിൽ നിന്ന്) ബുക്കിൽ ഒട്ടിക്കുന്നതാണ്.

**3. അഭിനയിക്കാം**

ദൈവം മനുഷ്യന് ജീവൻ നൽകുന്ന രംഗം ഭാവാത്മകമായി അവതരിപ്പിക്കാം.

4. ചോദ്യങ്ങൾ
1. ആദ്യത്തെ പുരുഷന്റെ പേരെന്ത്?
2. ആദ്യത്തെ സ്ത്രീ ആരാണ്?
3. ദൈവം എങ്ങനെയാണ് മനുഷ്യനെ സൃഷ്ടിച്ചത്?
4. ജീവന്റെ നാഥൻ ആരാണ്?